**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **11-09-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ പൈതൃക മ്യൂസിയങ്ങൾ വികസിപ്പിക്കുന്നതിനായി സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (എ) | തിരൂരങ്ങാടിയിൽ പഴയ താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന ഹജൂർ കച്ചേരി മന്ദിരത്തിലാണ് മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ടി സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. തുടർന്ന് ടി സ്മാരകത്തിൽ മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് 3.89 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരണത്തിന് ആവശ്യമായ ഷോക്കേസുകൾ, പാനലുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, ശബ്ദവെളിച്ച വിതാനങ്ങൾ തുടങ്ങിയവയും പ്രദർശന വസ്തുക്കളെ കുറിച്ചുള്ള പഠനത്തിനും ക്യൂറേറ്റോറിയൽ നോട്ട് തയ്യാറാക്കൽ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെ പൂർണ്ണമായ തോതിലുള്ള ഒരു മ്യൂസിയം സജ്ജീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിലേക്കാണ് ഡി.പി.ആറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മ്യൂസിയം സജ്ജീകരണം നിർവ്വഹിക്കുന്ന സർക്കാർ നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരളം മ്യൂസിയം) യുമായി പുരാവസ്തു വകുപ്പ് ധാരണാപത്രത്തിൽ ഒപ്പു വെക്കുകയും മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ